## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 3262.

21..12..2012-ൽ മറുപടിക്ക്

### ക്ഷീര കർഷകരുടെ പെൻഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ. സി.എഫ്. തോമസ് :
" ററി.യു. കുരുവിള :

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

(എ) ക്ഷീര കർഷകർക്ക് നല്കുന്ന പെൻഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(എ) കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും ക്ഷീര കർഷകർക്ക് പ്രതിമാസം 300/- രൂപ നിരക്കിൽ പെൻഷൻ നല്കി വരുന്നുണ്ട്. പ്രസ്തുതതുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) ഇവരുടെ വിവിധ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) കേരള ക്ഷീര കർഷക ക്ഷേമനിധിയുടെ വിവിധ ധനസഹായ പദ്ധതികളായ പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, മരണാന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, സമഗ്ര സാമൂഹ്യ സാമ്പത്തിക സുരക്ഷ പദ്ധതി, മികച്ച ക്ഷീരകർഷകൻ തുടങ്ങിയവയെല്ലാം ക്ഷേമനിധി അംഗങ്ങളായ ക്ഷീര കർഷകരെ സഹായിക്കുവാൻ വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളവയാണ്.

(സി) ഇവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും കേരളത്തിൽ പാൽ ഉത്പാദിപ്പിക്കുന്നതിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് പഠിക്കുന്നതിനും ഒരു കമ്മീഷനെ നിയോഗിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ